ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽ തന്നെ പരിശോധനാ, ലാബുകൾ നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ ലാബുകൾ പ്രയോജനപ്പെടുത്തി കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ ജല ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനവും ഫീൽഡ് ടെസ്റ്റ് കിറ്റും സൗജന്യമായി നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം നേടുന്നവർ അതാത് സ്കൂൾ സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളുടെ ജല ഗുണനിലവാരം പരിശോധിക്കുക എന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് കുട്ടികൾക്ക് സി.സി.ഡി.യു.-വിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിൽ നിന്നും 100 സ്കൂളുകളെ തിരഞ്ഞെടുത്തതിൽ 50 സ്കൂളുകളിൽ ഏകദിന പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും തുടർ പരിശീലന പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(സി) നിലവിൽ കുടിവെള്ളം ലഭ്യമല്ലാത്ത സ്കൂളുകളിൽ സമീപത്തുള്ള കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികളിൽനിന്നും ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജല ശുദ്ധീകരണത്തിന് ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുവാൻ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

വൈദ്യുതി ഉല്പാദന പദ്ധതി

23(*233) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവോയറിൽ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ജലവിഭവ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ജലസംഭരണികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനം നടത്തുകയും ആയതിലൂടെ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരം കാണുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി റിസർവോയറുകൾക്കുമേൽ ഫ്ലോട്ടിംഗ് പിവി പാനൽ സ്ഥാപിച്ച് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്ന നൂതന ആശയം ഉൾക്കൊണ്ട് ചുള്ളിയാർ/ മീൻകര റിസർവോയറുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഒരു പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിന് 18-4-2013-ലെ 34/2013/ജവിവ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിന് അനുമതി നൽകി. തുടർന്ന് 19-6-2013-ലെ സ.ഉ.(സാധാ) നമ്പർ 706/13/ജവിവ ഉത്തരവ് പ്രകാരം ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനുള്ള ഭരണാനുമതി നൽകി. അതുപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുകയും ചെയ്തു. എന്നാൽ ടെണ്ടറിൽ പങ്കെടുക്കാൻ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിൽ കെ.ഐ.ഐ.ഡി.സി. ജർമൻ സർക്കാരിന്റെ ഡവലപ്മെന്റ് ബാങ്കായ KFW Entwicklungs Bank-മായി ബന്ധപ്പെടുകയും ജർമൻ സർക്കാർ ഇന്ത്യൻ സർക്കാരുമായി ഉഭയകക്ഷി ചർച്ച നടത്തി 50 മില്ല്യൻ യൂറോ റെഡ്യൂസ്ഡ് ഇന്ററസ്റ്റഡ് ലോൺ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി കേന്ദ്ര സർക്കാർ (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) കെ.ഐ.ഐ.ഡി.സി.-യെ അറിയിക്കുകയും തുടർന്ന് കെ.എഫ്.ഡബ്ല്യു. മുൻകയ്യെടുത്ത് ഇന്റർനാഷണൽ കൺസൾട്ടന്റിനെക്കൊണ്ട് ഈ പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കാൻ വേണ്ടിയുള്ള പഠനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly